എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്തെ പൊതുക്കടം

19[2628] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ. ഡി. എഫ്. സർക്കാരിന്റെ 5 വർഷത്തെ പൊതുക്കടം എത്ര ആയിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ പലിശ ഇനത്തിൽ ഈ സർക്കാർ പ്രതിവർഷം കൊടുക്കേണ്ടിവന്ന തുക എത്ര?

ഉത്തരം

(എ) 1996-2001 കാലയളവിൽ പൊതുക്കടത്തിൽ 13805.46 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) വിവിധ ഡെപ്പോസിറ്റുകൾക്കും ലോണുകൾക്കും നിയമാനുസൃതമായ പലിശ കാലാകാലങ്ങളിൽ യഥാസമയം അടച്ചുവരുന്നുണ്ട്.

മേൽ പ്രസ്താവിച്ച തുകയ്ക്ക് മാത്രമായിട്ട് നല്കിയ പലിശയുടെ തനതായ കണക്കുകൾ പ്രത്യേകമായി ലഭ്യമല്ല. ഇത് വിവിധ ഏജൻസികളിൽനിന്നും, കേന്ദ്ര സർക്കാരിൽനിന്നും വായ്പയായും, ട്രഷറി സേവിംഗ്സ് ബാങ്ക്, പ്രോവിഡന്റ് ഫണ്ട് മുതലായവയിലുള്ള ഡെപ്പോസിറ്റായും സ്വരൂപിച്ചതാണ്. ഇവയുടെ തിരിച്ചടവിനുള്ള വ്യവസ്ഥകൾ പ്രകാരം തിരിച്ചടവും പലിശ നൽകലും കൃത്യമായി നടത്തിവരുന്നു. ഈ കാലയളവിൽ സ്വരൂപിച്ച തുകകൾക്ക് മാത്രമായി നൽകിയ പലിശയുടെ കണക്കുകൾ പ്രത്യേകമായി ലഭ്യമല്ല.

സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ

20 [2629] ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് നിയോഗിച്ച ശമ്പളക്കമ്മീഷന്റെ ഘടനയും ടേംസ് ഓഫ് റഫറൻസും എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കമ്മീഷനെ നിയമിച്ചത് എന്നാണ് എന്നും എത്ര കാലയളവിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഏത് തീയതി മുതൽ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതിന് തൊട്ട് മുമ്പ് ശമ്പളക്കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയത് എന്നുമുതലാണ് എന്ന് വെളിപ്പെടുത്തുമോ;

(ഇ) അതിന് എത്ര രൂപയുടെ അധികബാദ്ധ്യത ഉണ്ടായി എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly